**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.715** **04/02/2020 ൽ മറുപടിക്ക്**

## കൊട്ടാരക്കര ശ്രീമണികണ്ഠേശ്വരം മഹാഗണപതി ക്ഷേത്രവികസനം

**ചോദ്യം** **മറുപടി**

**ശ്രീമതി.പി. അയിഷാ പോറ്റി** **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര ശ്രീമണികണ്ഠേശ്വരം മഹാഗണപതി ക്ഷേത്രവികസനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മാസ്റ്റർ പ്ലാൻ തയ്യാർ ചെയ്തിരുന്നോ; | (എ) യും (ബി) യും | മാസ്റ്റർപ്ലാന് അന്തിമ രൂപരേഖ ആയിട്ടില്ല. മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്ന ക്ഷേത്രവികസനവുമായി ബന്ധപ്പെട്ട് സ്ഥലപരിമിതി ഉള്ളതിനാൽ കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ക്ഷേത്രക്കുളം നവീകരിച്ച് ചുറ്റും വിശ്രമസൗകര്യം ഒരുക്കുക, പാർക്കിംഗ് ഗ്രൗണ്ടിനോട് ചേർന്നുള്ള പനയ്ക്കൽകാവ് ക്ഷേത്രത്തിൽ ഭക്തർക്ക് വിശ്രമിക്കുന്നതിനായി നടപ്പന്തൽ നിർമ്മിക്കുക, ക്ഷേത്രത്തിന്റെ തെക്കേനടയിൽ ഒരു സ്ഥിരം ടിക്കറ്റ് കൗണ്ടർ സ്ഥാപിക്കുക മുതലായ പ്രവർത്തികളാണ് വിഭാവനം ചെയ്യുന്നത്. |
| (ബി) | എങ്കിൽ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | | |
| (സി) | ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ? | (സി) | മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ച പ്രകാരം പങ്കെടുത്തവരിൽ നിന്നും പിത്തവാടിയൻ & പാർട്നേഴ്സിനെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ